(സി) റോഡ്സ് വിഭാഗത്തിൽ 157 പാലങ്ങൾക്ക് ഭരണാനുമതി നൽകി. ഇതിൽ 85 പാലങ്ങളുടെ നിർമ്മാണം പൂർത്തിയായി. 47 എണ്ണം നിർമ്മാണ ഘട്ടത്തിലാണ്. 25 എണ്ണത്തിന്റെ പണികൾ പ്രാരംഭഘട്ടത്തിലാണ്. ദേശീയപാത വിഭാഗത്തിൽ 6 പാലങ്ങൾക്ക് ഭരണാനുമതി നൽകി. ഇതിൽ 4 പാലങ്ങളുടെ പണികൾ പൂർത്തിയായി. ഒരു പാലം നിർമ്മാണഘട്ടത്തിലാണ്.

തെക്കേടത്ത് കടവ് പാലം നിർമ്മിക്കുന്നതിനുള്ള നടപടി

311 [2368] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത്, വേളം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തെക്കേടത്തു കടവ് പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയാണെന്ന് നിർണ്ണയിച്ചിട്ടുണ്ടോ;

(സി) പാലത്തിന്റെ നിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസിയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുമോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് ഏജൻസിയിൽ നിന്നാണെന്ന് വിശദമാക്കാമോ;

(ഇ) പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 350 ലക്ഷം രൂപ.

(സി ആന്റ് ഡി) നബാർഡ് ധനസഹായത്തോടെ ഈ പാലം പണി നടത്താനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(ഇ) എസ്റ്റിമേറ്റ് തയ്യാറായി. ഡീറ്റെയിൽഡ് ഡിസൈൻ തയ്യാറാക്കിവരുന്നു.

പുളിഞ്ഞോളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

312 [2369] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിലെ ധർമ്മടം-എരഞ്ഞോളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പുളിഞ്ഞോളിക്കടവ് പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പൂർത്തീകരണത്തിനായി ഇതിനകം ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കുണ്ടുചിറ പാലത്തിന്റെ പണി

313 [2370] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ കുണ്ടുചിറ പാലത്തിന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ പണി പൂർത്തീകരിക്കാൻ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) നബാർഡ് ധനസഹായത്തോടെയുള്ള പണികളിൽ ഈ പാലത്തിന്റെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നബാർഡ് സഹായം ലഭ്യമാക്കി രണ്ടു വർഷത്തിനകം പാലം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബാലുശ്ശേരി മുക്കിലുള്ള പാലം പുതുക്കി പണിയുവാൻ നടപടി

314 [2371] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 34-ൽ ബാലുശ്ശേരി മുക്കിലുള്ള പാലം അപകടാവസ്ഥയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly